# നോമ്പുകാലം
# വചന വിചിന്തനം
## നോമ്പുകാലം മൂന്നാം ഞായർ
### മത്താ 20,17-28

> നോമ്പിന്റെ ചൈതന്യം ഒറ്റ വാചകത്തിൽ കുറിച്ചുവച്ചാൽ;
> "ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ (ക്രിസ്തു) വന്നതുപോലെ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷകനായും ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ ദാസനുമായി പെരുമാറുക!"

*"എന്നാൽ, നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്..." സ്വന്തം കസേര ഉറപ്പിക്കുന്ന ശൈലി!*

ലോകം വെട്ടിപിടിക്കാൻ വന്നവർ ആയുധങ്ങളുടെയും അക്രമങ്ങളുടെയും മാർഗ്ഗം പിന്തുടർന്നപ്പോൾ ക്രിസ്തു പഠിപ്പിച്ച മാർഗ്ഗം ക്ഷമയുടെയും സഹനത്തിന്റെയും ശുശ്രൂഷയുടെയും മാർഗ്ഗമായിരുന്നു. ആയുധങ്ങളുടെയും അക്രമങ്ങളുടെയും മാർഗ്ഗത്തിലൂടെ ലോകം വെട്ടിപ്പിടിച്ചവരെ ലോകം തമസ്ക്കരിച്ചു. എന്നാൽ, ക്ഷമയുടെയും സഹനത്തിന്റെയും ശുശ്രൂഷയുടെയും മാർഗ്ഗത്തിലൂടെ ഈ ലോകത്തെ കീഴടക്കിയ ക്രിസ്തു ഇന്നും അനേകായിരങ്ങളുടെ മനസ്സിൽ പച്ചകെടാതെ നിറഞ്ഞ് നിൽക്കുന്നു. അതുകൊണ്ടുന്നെ ക്രിസതുവിന് രണ്ട് മാർഗ്ഗങ്ങളില്ല മറ്റുള്ളവരുടെയും ദൈവത്തിന്റെയും മുമ്പിൽ ഒന്നാമനാകാൻ. മറിച്ച്, ഒറ്റ മാർഗ്ഗം മാത്രം;

"വലിയവൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷകനും ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ ദാസനുമായിരിക്കുക."

ക്രിസ്തു എന്തു പറയുന്നുവോ, അത് പറയുന്നതിനുമുമ്പ് തന്നെ തന്റെ ജീവിതം കൊണ്ട് വരച്ച് കാണിക്കാൻ ഏറെ പരിശ്രമിക്കുന്ന വ്യക്തിത്വമാണവന്റേത്. ക്രിസ്തു പറയുകയാണ്;

"ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം" (മത്താ 20,28 -27).

രാജാക്കൻമാരുടെ രാജാവായവൻ ദാസ്യവേല ചെയ്യുന്നു, ശുശ്രൂഷയുടെ ബാലപാഠങ്ങൾ പഠിപ്പിക്കാൻ. അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് അന്ത്യത്താഴസമയത്ത് ക്രിസ്തു തന്റെ ശിഷ്യൻമാരുടെ പാദങ്ങൾ കഴുകുന്നത്. ശിഷ്യൻ ഗുരുവിന്റെ പാദങ്ങൾ കഴുകുന്നത്, അടിമ യജമാനന്റെ പാദങ്ങൾ കഴുകുന്നത്, മകൻ അപ്പന്റെ പാദങ്ങൾ കഴുക്കുന്നത് ഏവർക്കും സുപരിചിതമാണ്. എന്നാൽ, ഗുരു ശിഷ്യന്റെ പാദങ്ങൾ കഴുകുന്നത്, യജമാനൻ അടിമയുടെ പാദങ്ങൾ കഴുകുന്നത്, അപ്പൻ മകന്റെ പാദങ്ങൾ കഴുകുന്നത് ലോകത്തിന് പുതുമയുള്ളതായിരുന്നു. "ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ" (മത്താ 20,28) എന്ന വചനത്തിന്റെ സാരാംശം തന്റെ ജീവിത്തിലൂടെ ക്രിസ്തു വരച്ച് കാണിക്കുകയായിരുന്നു.

മുമ്പൻമാരാകാൻ, വലിയവരാകാൻ, ഒന്നാമത്തവരാകാൻ പരിശ്രമിക്കുന്ന

ശിഷ്യൻമാർക്ക് ഒരു മുഖം കൊടുക്കണമെങ്കിൽ, അവർക്ക് നൽകാവുന്ന ഏറ്റവും നല്ല മുഖം നമ്മുടെ മുഖം തന്നെയാണ്. ക്രിസ്തു കുരിശിന്റെയും സഹനത്തിന്റെയും അർത്ഥം മനസ്സിലാക്കിക്കാനും അതുവഴി സ്വന്തമാക്കാവുന്ന സ്വർഗ്ഗരാജ്യത്തെയും കുറിച്ച് പഠിപ്പിക്കുമ്പോഴും ശിഷ്യൻമാർക്ക് അതൊന്നും മനസ്സിലാകുന്നില്ല എന്നതുമാത്രമല്ല അവർ ഘടകവിരുദ്ധമായി ഒന്നാം സ്ഥാനത്തിനുവേണ്ടി, വലിയവനാകാൻ തർക്കിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു. ശുശ്രൂഷയുടെയും ശ്യൂന്യവത്ക്കരണവും എന്തെന്ന് ക്രിസ്തു പഠിപ്പിക്കുമ്പോൾ അതിന് വിപരീതമായിട്ടുള്ള ജീവിതശൈലിയാണ് ശിഷ്യൻമാർ സ്വന്തമാക്കുന്നത്. ഇവർക്ക് നൽകാൻ നമ്മളുടേതിനേക്കാൾ നല്ല മുഖമില്ല.

ആ വനത്തിൽ ഒരു കാക്ക വളരെ സന്തോഷത്തോടെ, സംതൃപ്തജീവിതം നയിച്ചിരുന്നു. എന്നാൽ, ഒരു നാൾ കാക്ക, ഒരു അരയന്നത്തെ കാണാനിടയായി.

"ഈ അരയന്നം തൂവെള്ളയും ഞാൻ കരിക്കട്ട പോലെ കറുത്തതുമാണല്ലോ..." കാക്ക ചിന്തിച്ചു.... "തീർച്ചയായും, ഈ ലോകത്തിലെ ഏററവും സന്തോഷവാനായ പക്ഷി ഈ അരയന്നം തയൊയിരിക്കും!"

തന്റെ മനസിൽ തോന്നിയത് അവൻ അരയന്നത്തിനോട് വെളിപ്പെടുത്തി.

"ഓ... തീർച്ചയായും." അരയന്നം പറഞ്ഞു, "ഞാൻ തന്നെയാണ് ഈ പ്രദേശത്തെ ഏററവും സന്തോഷവാനായിരുന്ന പക്ഷി, രണ്ടു വർണങ്ങളുള്ള ഒരു തത്തയെ നേരിൽ കാണുന്നത് വരെ. ഇപ്പോൾ ഞാൻ മനസിലാക്കുന്നത്, സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിൽ വെച്ച് ഏററവും സന്തോഷവാനായ പക്ഷി, രണ്ടു വർണങ്ങളുള്ള ആ തത്ത തയൊയിരിക്കും."

കാക്ക അപ്പോൾതന്നെ തത്തയെ സമീപിച്ച് കാര്യങ്ങൾ പറഞ്ഞു. തത്ത, വളരെ വിഷമത്തോടെ, ഇങ്ങനെ വിശദീകരിച്ചു;

"ഒരു മയിലിനെ കണ്ടുമുട്ടുതുവരെയും ഞാൻ വളരെ സന്തോഷവാനായാണ് ജീവിച്ചത്. എനിക്ക് രണ്ട് നിറങ്ങളെ ഉള്ളൂ. പക്ഷെ മയിലിന് ധാരാളം വർണങ്ങളുണ്ട്."

പിന്നീട്, കാക്ക മയിലിനെ കാണുന്നതിനായി ഒരു മൃഗശാലയിലെത്തി. അപ്പോൾ, അവിടെ മയിലിനെ കാണാനായി നൂറുകണക്കിന് ആൾക്കാർ സന്തോഷത്തോടെ കൂടി നിൽക്കുന്നതു കണ്ടു. ആൾക്കാരെല്ലാം പോയികഴിഞ്ഞ് കാക്ക മയിലിനെ സമീപിച്ചു ചോദിച്ചു;

"പ്രിയ സുഹൃത്തെ, താങ്കൾ വളരെ സുന്ദരനാണ്. ദിനവും താങ്കളെ കാണാനായി ആയിരക്കണക്കിന് ജനങ്ങൾ വരുന്നു. ഈ ആൾക്കാർ തന്നെ എന്നെ കണ്ടാൽ ഓടിപ്പായിക്കും. താങ്കളാണ്, താങ്കൾ മാത്രമാണ്, ഈ ഗ്രഹത്തിലെ ഏററവും സന്തോഷവാനായ പക്ഷിയെ ഞാൻ കരുതുന്നു."

മയിൽ പറഞ്ഞു;

"ഈ ഗ്രഹത്തിലെ ഏററവും സുന്ദരനും സന്തോഷവാനുമായ പക്ഷി ഞാൻ തന്നെയാണെന്ന് എപ്പോഴും ചിന്തിച്ചിരുന്നു. പക്ഷെ, എന്റെ സൗന്ദര്യം മൂലം ഞാൻ ഈ മൃഗശാലയിൽ തടവിൽപ്പെട്ടിരിക്കുന്നു. മാത്രമല്ല, ഞാൻ ഇവിടം മുഴുവൻ വളരെ ശ്രദ്ധയോടെ പരിശോധിച്ചു. അതിൽ നിന്ന് ഒരു യാഥാർത്ഥ്യം എനിക്ക് മനസിലായി. അതെന്തൊൽ, ഇവിടെ ഒരു കൂട്ടിലും അടച്ചിട്ടില്ലാത്ത പക്ഷി കാക്ക മാത്രമാണ്. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി, ഞാൻ ചിന്തിക്കുകയായിരുന്നു, കാക്കയായി ജനിച്ചിരുന്നെങ്കിൽ, ഹോ.... സന്തോഷത്തോടെ, എല്ലായിടങ്ങളിലും എനിക്ക്, പറന്നു രസിച്ചു നടക്കാമായിന്നരുന്നല്ലോ"

ഇതാണ് നമ്മുടെയും യഥാർത്ഥ പ്രശ്നം. നാം തന്നെ, നമ്മളെ മററുള്ളവരുമായി അനാവശ്യമായി താരതമ്യം ചെയ്യും. എന്നിട്ട് ദുഃഖിക്കും. സ്രഷ്ടാവ് നമുക്ക് ഓരോരുത്തർക്കും തന്നിരിക്കുന്നത് എന്താണെന്നും അതിന്റെ മൂല്യം എത്രത്തോളമാണെന്നും നാം തിരിച്ചറിയുന്നില്ല. ഈ അറിവില്ലായ്മ നമ്മെ ദുഖത്തിന്റെ പടുകുഴിയിൽ കൊണ്ടെത്തിക്കും. ദൈവം തന്ന അനുഗ്രഹങ്ങളും അവയുടെ മൂല്യവും തിരിച്ചറിയുക. നമ്മുടെ

അധികാരത്തിന്റെ രാജവീഥികളെക്കാൾ കുരിശിന്റെ വഴിയിലൂടെ നടക്കുന്നവരാണ് വിശുദ്ധരെന്ന് വിളിക്കപ്പെടുക!

സന്തോഷത്തെ ഇല്ലായ്മ ചെയ്യുന്ന, തരംതാണ, താരതമ്യപ്പെടുത്തൽ ഉപേക്ഷിക്കുക. അവനവനെ തന്നെ സ്വയം തിരിച്ചറിയുക. സന്തോഷകരമായി ജീവിക്കാനുള്ള ലളിതമായ മാർഗം മനസിലാക്കുക.

സെബദീപുത്രൻമാരുടെ മാതാവ് തൻെറ പുത്രൻമാരോടുകൂടെ വന്ന് ക്രിസ്തുവിൻെറ മുമ്പിൽ യാചനാപൂർവം പ്രണമിച്ചു തന്റെ രണ്ടു പുത്രൻമാരിൽ ഒരുവൻ അവന്റെ വലത്തുവശത്തും അപരൻ ഇടത്തുവശത്തും ഇരിക്കുന്നതിനു കൽപിക്കണമേ എന്ന് അപേക്ഷിക്കുന്നുണ്ടെങ്കിൽ അതിന് ഒറ്റകാരണം മാത്രമാണുള്ളത്. കാരണം, ആയിരിക്കുന്ന അവസ്ഥയിൽ അവർ സന്തുഷ്ടരല്ല. തങ്ങളുടെ മക്കൾക്ക് ഇതിലും വലിയ സ്ഥാനമാനങ്ങൾ വേണം. പക്ഷെ, വചനം ഉറപ്പ് തരുന്നു;

"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നൻമയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു" (റോമ 8:28)."

എന്നിട്ടും, പലപ്പോഴും നാം ദൈവികപദ്ധതിയല്ല, മറിച്ച്, സ്വന്തം പദ്ധതികളിൽ ലക്ഷ്യം വച്ചുക്കൊണ്ട് മുന്നേറുകയാണ്. അവിടെയാണ് കർത്താവ് പറയുന്നത്;

"നിങ്ങൾ ചോദിക്കുന്നതെന്താണെന്നു നിങ്ങൾ അറിയുന്നില്ല" (മത്താ 20,26).

ഏശയ്യ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്, "മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശ 49:15). ദൈവത്തിന് നമ്മുടെമേൽ അത്രമാത്രം കരുതലും പദ്ധതികളുമുണ്ട്. ദൈവത്തിന്റെ സൃഷ്ട്ടികളെ കുറിച്ച് ദൈവം കണ്ടിരിക്കുന്ന പദ്ധതി അത്രമാത്രം സുന്ദരവും മഹത്വരവുമാണ്. പലപ്പോഴും, ആ പദ്ധതികളെയും സ്വപ്നങ്ങളെയും ബലികഴിച്ച് സ്വന്തം ഇഷ്ടത്തിനനുസരിച്ച് സ്വാർത്ഥതയുടെ പുറകെ നാം യാത്ര ചെയ്യുന്നു. അവിടെയൊക്കെ കർത്താവ് പറയുന്നതും ഇതു തന്നെയാണ്;

"നിങ്ങൾ ചോദിക്കുന്നതെന്താണെന്നു നിങ്ങൾ അറിയുന്നില്ല" (മത്താ 20,26).

*അധികാരത്തിന്റെ ആർത്തിയുപിടിച്ച് നടക്കുന്ന അമ്മമാരെയല്ല വീട്ടിലിരുന്നു പ്രാർത്ഥിക്കുന്ന അമ്മമാരെയാണ് മക്കൾക്കിഷ്ടം!*

***"യജമാനൻെറ ഹിതം അറിഞ്ഞിട്ടും, അതനുസരിച്ചു പ്രവർത്തിക്കുകയോ അതിന് ഒരുങ്ങുകയോ ചെയ്യാത്ത ഭൃത്യൻ കഠിനമായി പ്രഹരിക്കപ്പെടും."***

ലൂക്കാ 12:47

---

ഫാ. ജോബി മേനോത്ത്
+91 9447777931